## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 15 — 10.12.2012 ന് മറുപടിക്ക്

### 2012-13 മലയാളം ഭരണഭാഷാ വർഷം

ചോദ്യം

ശ്രീ.ബെന്നി ബെഹനാൻ :
ശ്രീ.അൻവർ സാദത്ത്
ശ്രീ.ഹൈബി ഈഡൻ
ശ്രീ.വർക്കല കഹാർ

ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 2012-13 മലയാളം ഭരണഭാഷാ വർഷമായി ആചരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | ഉണ്ട്. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി(2011-14)യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 20.07.2012 ലെ സ.ഉ(കൈ)നം.38/12/ഉഭപവ പ്രകാരം 2012 നവംബർ 1 മുതൽ ഒരു വർഷക്കാലം "ഭരണഭാഷ-മാതൃഭാഷ" വർഷമായി ആചരിക്കാൻ സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. 22.09.2012 ലെ സർക്കുലർ നം.17199/ഔ.ഭാ.4/12/ഉഭപവ പ്രകാരം ഒരു വർഷക്കാലം ഭരണഭാഷാ വർഷമായി ആചരിക്കുന്നതിനുള്ള മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി എന്തെല്ലാം പരിഷ്ക്കരണമാണ് വിവിധ വകുപ്പുകളിലും ഓഫീസുകളിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | 22.09.2012 ലെ സർക്കുലർ നം.17199/ഔ.ഭാ.4/12/ഉഭപവ പ്രകാരം ഒരു വർഷക്കാലം ഭരണഭാഷാ വർഷമായി ആചരിക്കുന്നതിനുള്ള മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണഭാഷാ വർഷാചരണത്തിന്റെ ഭാഗമായി നടപ്പിലാക്കാനുദേശിക്കുന്ന കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു കർമ്മപരിപാടി എല്ലാ വകുപ്പുകളും തയ്യാറാക്കേണ്ടതാണെന്നും പ്രസ്തുത പരിപാടി നടപ്പിലാക്കാൻ ഒരോ വകുപ്പിലും ഒരുയർന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണമെന്നും അദേഹത്തിന്റെ പേര്, വിലാസം, ഫോൺ നമ്പർ എന്നിവ ഔദ്യോഗിക ഭാഷാ വകുപ്പിൽ ലഭ്യമാക്കേണ്ടതാണെന്നും എല്ലാ വകുപ്പുകൾക്കും നിർദേശം നൽകിയിട്ടുണ്ട്. ഭരണഭാഷാ വർഷാചരണത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിലും ഓഫീസുകളിലും നടപ്പാക്കാനുദേശിക്കുന്ന നടപടികൾ താഴെപറയുന്നവയാണ്. |

| | | | |
|---|---|---|---|
| | | | 1. ബഹു.മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഓഫീസുൾപ്പെടെയുള്ള എല്ലാ ഓഫീസുകളിൽ നിന്നും അയക്കുന്ന എല്ലാ കത്തുകളുടെയും മുകളിൽ 'ഭരണഭാഷ-മാതൃഭാഷ', എന്ന് ചേർത്തിരിക്കേണ്ടതാണ്.<br>2. വകുപ്പുകളിലെ എല്ലാത്തരം പരിശോധനാവിഭാഗങ്ങളുടെയും പരിശോധനാ വിഷയങ്ങളിൽ ഔദ്യോഗിക 'ഭാഷാമാറ്റ പുരോഗതി' എന്ന ഇനംകൂടി നിർബന്ധമായും ഉൾപ്പെടുത്തി പരിശോധിക്കേണ്ടതും അപ്രകാരം ചെയ്യുന്നുണ്ടെന്ന് മേലധികാരികൾ ഉറപ്പുവരുത്തേണ്ടതുമാണ്.<br>3. വകുപ്പുതല പരിശീലനകേന്ദ്രങ്ങളിലൂടെ നൽകുന്ന എല്ലാ പരിശീലന പരിപാടികളിലും ഔദ്യോഗികഭാഷ സംബന്ധിച്ച ഒരു ക്ലാസ്സെങ്കിലും ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ ഐ.എം.ജി.യുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിലൂടെ പരമാവധി ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക ഭാഷാപരിശീലനം ലഭ്യമാക്കേണ്ടതാണ്.<br>4. മലയാളം കമ്പ്യൂട്ടിങ് പരിശീലനം ലഭിച്ചിട്ടില്ലാത്തവർക്ക് അത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.<br>5. അതാതു വകുപ്പുകളുടെ വെബ്സൈറ്റിലെ വിവരങ്ങൾ മലയാളത്തിലും കൂടി ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>6.എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും ഓരോ ദിവസവും കുറഞ്ഞത് ഭരണ രംഗത്തുപയോഗിക്കുന്ന ഒരു പദത്തിന്റെയെങ്കിലും മലയാളം പരിഭാഷ എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.<br>7. വകുപ്പുതലപദകോശം തയ്യാറാക്കിയിട്ടില്ലാത്ത വകുപ്പുകൾ അത് ശേഖരിച്ച് ഔദ്യോഗിക ഭാഷാ വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.<br>8.അതാതു വകുപ്പുകളിലെ കോഡുകൾ, മാന്വലുകൾ, ചട്ടങ്ങൾ തുടങ്ങിയവ പരിഭാഷപ്പെടുത്തി അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടി സ്വീകരിക്കേണ്ടതാണ്.<br>9. വകുപ്പുതല സമിതികൾ ഓരോ മൂന്നുമാസത്തിലും യോഗം ചേർന്ന് പുരോഗതി വിവരം അവലോകനം ചെയ്യേണ്ടതും പ്രസ്തുത വിവരം ഔദ്യോഗിക ഭാഷാ വകുപ്പിനെ അറിയിക്കേണ്ടതുമാണ്.<br>10. ഭരണഭാഷാ പ്രചാരണത്തിനായി പോസ്റ്റർ, ബാനർ, ബോർഡുകൾ തുടങ്ങിയവ വകുപ്പുതലത്തിൽ തയ്യാറാക്കി പ്രദർശിപ്പിക്കേണ്ടതാണ്.<br>11. മലയാള ഭാഷയുടെ പുരോഗതിയ്ക്ക് |

ഉതകുന്ന ലഘുലേഖകൾ പ്രസിദ്ധീകരിക്കാനും ശിൽപ്പശാല, മത്സരങ്ങൾ, സാംസ്കാരിക പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കാനും ശ്രമിക്കുക.

12. ഓരോ വകുപ്പിലെയും താഴെത്തട്ടിലുള്ള ഓഫീസുകളിൽവരെ ഭാഷാമാറ്റത്തിനു സഹായകമായ നടപടികൾ സ്വീകരിക്കുന്നു എന്ന് അതാത് വകുപ്പു സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്. ജില്ലാകളക്ട്രേറ്റു-കളിൽ ഇക്കാര്യം നടപ്പിലാക്കുന്നുണ്ടെന്ന് റവന്യു സെക്രട്ടറി പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്.

താഴെ പറയുന്നവയാണ് സെക്രട്ടേറിയറ്റിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ.

1. ഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിനായി സെക്രട്ടേറിയറ്റിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളും കത്തിടപാടുകളും, നിയമപരമായി ഇംഗ്ലീഷിലാക്കേണ്ടവ ഒഴികെ, നിർബന്ധമായും മലയാളത്തിലായിരിക്കേ-ണ്ടതാണ്.

2. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ വകുപ്പു സെക്രട്ടറിമാർ അംഗങ്ങളായ സമിതി സെക്രട്ടേറിയറ്റിലെ ഭാഷാമാറ്റ പുരോഗതി നിരീക്ഷിക്കേണ്ടതാണ്.

3. സെക്രട്ടേറിയറ്റിലെ ഐ.ടി. സെൽ മുഖാന്തരം മലയാളം കമ്പ്യൂട്ടിങ് പരിശീലനം നൽകേണ്ടതാണ്.

4. പരമാവധി ജീവനക്കാർക്ക് തിരുവനന്തപുരം ഐ.എം.ജി.മുഖാന്തരം ഔദ്യോഗിക ഭാഷാ പരിശീലനം നൽകേണ്ടതാണ്.

5. കോടതി ഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച നടപടികൾ ആഭ്യന്തര-നിയമ വകുപ്പുകളിൽ ഊർജ്ജിതമാക്കേണ്ടതാണ്.

6. മലയാളത്തിൽ നിയമ ജേർണൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നിയമ വകുപ്പിൽ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത മലയാള നിയമ ജേർണലിൽ ഭരണഭാഷാ വ്യാപനത്തിനായുള്ള വിവരങ്ങൾ ഉൾപ്പെടു-ത്തേണ്ടതാണ്.

7. മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടുള്ള നിയമഗ്രന്ഥങ്ങളുടെ പകർപ്പുകൾ പലതും വിപണിയിൽ ലഭ്യമല്ല. ആയതിനാൽ നിയമ വകുപ്പിൽ നിന്നും ഔദ്യോഗിക ഭാഷാ (നിയമ നിർമാണ) കമ്മീഷനിൽ നിന്നും പ്രസിദ്ധീകരിച്ചിട്ടുള്ളതും വിപണിയിൽ ലഭ്യമല്ലാത്തതുമായ ഗ്രന്ഥങ്ങൾ വീണ്ടും അച്ചടിച്ച് യഥേഷ്ടം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| (സി) | ഔദ്യോഗിക ഭാഷാ സമിതി നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്നറിയാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ? | (സി) | നിയമസഭാ സമിതിയുടെ നിർദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കി വിശദാംശങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ